# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3567 12-05-2017-ൽ മറുപടിക്ക്

### തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.ദിവാകരൻ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകമോ; | (എ) ഉണ്ട്.11-02-2016 മുതൽ പ്രാബല്യത്തിൽ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചു. പ്രസ്തുത പദ്ധതിയിൽ എല്ലാ അസംഘടിത തൊഴിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കും അംഗമാകാൻ അർഹതയുണ്ടായിരിക്കുന്നതാണ്. മുമ്പ് നിലവിലുണ്ടായിരുന്ന കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള അലക്കു തൊഴിലാളി ക്ഷേമപദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി, കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയിലെ അംഗങ്ങളേയും കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി നിലവിൽ വന്ന തീയതി മുതൽ ഈ പദ്ധതിയിലെ അംഗങ്ങളായി കരുതുന്നതാണ്. കൂടാതെ ഒരു തരത്തിലുള്ള ക്ഷേമപദ്ധതികളിലും ഉൾപ്പെട്ടിട്ടില്ലാത്ത അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധി പദ്ധതി, അവശതയനുഭവിക്കുന്ന മരംകയറ്റത്തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത ദിവസ വേതന സ്ത്രീ തൊഴിലാളി- |

കൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി, കേരള അസംഘടിത തൊഴിലാളി (റിട്ടയേർഡ്) പെൻഷൻ പദ്ധതി തുടങ്ങിയ ക്ഷേമപദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന ക്ഷേമ ബോർഡുകളിലെ അംഗങ്ങളായിരുന്നവരുടെ ക്ഷേമ പെൻഷനുകൾ, 2016 ജൂൺ മാസം മുതൽ 600/- രൂപയിൽ നിന്നും 1000/- രൂപയായും 2017 ഏപ്രിൽ മുതൽ 1100/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സംരക്ഷണത്തിനായി 2017-18 വർഷത്തെ ബഡ്ജറ്റിൽ 4,58,00,000/- രൂപ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകിയിട്ടുമുണ്ട്. അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധി പദ്ധതി, അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളി കൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത ദിവസ വേതന സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനാണ് പ്രസ്തുത തുക അനുവദിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ